**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 307** **05-12-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി കെട്ടിടമില്ലാതെയും, ജീർണാവസ്ഥയിലുള്ളതും ,വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | (എ) സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും, സ്വന്തമായി കെട്ടിടം ഉണ്ടായിട്ടും അങ്കണവാടി പ്രവർത്തനം നടത്തുന്നതിന് അനുയോജ്യമല്ലായെന്നു ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നതുമായ അങ്കണവാടികൾക്കാണ് വകുപ്പ് മുഖേന അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നത്. ഇപ്രകാരമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്മാർട്ട് അങ്കണവാടി, MGNREGS എന്നീ പദ്ധതികളാണ് നിലവിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**സ്മാർട്ട് അങ്കണവാടി പദ്ധതി**<br><br>അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3 (Slopping Terrain), 1.25 സെന്റ്) അനുസരിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾ വീണാൽ പരിക്ക് പറ്റാതിരിക്കുവാൻ ക്ലാസ്സ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏരിയയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസെന്റ്സ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്ലാൻ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് അനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.<br><br>**<u>MGNREGSപദ്ധതി</u>**<br><br>MGNREGSപദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കുന്ന പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ വകുപ്പ് വിഹിതമായി 2 ലക്ഷം രൂപയും MGNREGS മിഷൻ വിഹിതമായി 5 ലക്ഷം രൂപയും ബാക്കിയുള്ള തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിലെ 184, 109, 106, 25, 165 എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ജനപ്രതിനിധി നൽകിയ നിവേദനങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ബി) | (ബി) ചാത്തന്നൂർ മണ്ഡലത്തിലെ 106, 25, 165 എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ വനിതാ ശിശു വികസന ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ 184, 109 എന്നീ നമ്പരായുള്ള അങ്കണവാടികൾക്ക് പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | സെന്റർ നമ്പർ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | പറവൂർ മുനിസിപ്പാലിറ്റി | 184 | പ്രൊപ്പോസൽ ലഭ്യമായിട്ടില്ല |
| 2 | ചിറക്കര | 109 | പ്രൊപ്പോസൽ ലഭ്യമായിട്ടില്ല |
| 3 | കല്ലുവാതുക്കൽ | 106 | സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ വനിതാ ശിശുവികസന ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രൊപോസൽ പരിഗണിക്കുവാൻ സാധിച്ചിട്ടില്ല. |
| 4 | ആദിച്ചനല്ലൂർ | 25 | സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ വനിതാ ശിശു വികസന ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്ന ടി അങ്കണവാടിയുടെ കെട്ടിട നിർമ്മാണ പ്രവർത്തികൾ LSGD ഫണ്ട് വിനിയോഗിച്ച് ആരംഭിച്ചിട്ടുണ്ട്. |
| 5 | പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | 165 | ടി അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രോപ്പോസൽ ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് LSGD വിഹിതം കണ്ടെത്തുവാൻ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന് കഴിയാത്ത സാഹചര്യത്തിലും , മുഴുവൻ തുകയും വകുപ്പിൽ നിന്നും അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാലും നിർമ്മാണാനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ